**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1484** **18.01.2021 ൽ മറുപടിക്ക്**

**ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ ഗുണനിലവാരം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . സണ്ണി ജോസഫ്** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി മന്ത്രി) | |
| (എ) | 2019 -ൽ ക്യാഷ്യൂ ബോർഡ് ഇറക്കുമതി ചെയ്ത തോട്ടണ്ടിക്ക് ഗുണനിലവാരം കുറവായിരുന്നുവെന്നതും അതിന് നിശ്ചിത ഔട്ട് ടേൺ ഇല്ലായിരുന്ന എന്നതും വസ്തുതയാണോ ; എവിടെ നിന്നുമാണ് പ്രസ്തുത തോട്ടണ്ടി ഇറക്കുമതി ചെയ്തത്; വിശദാംശം നൽകാമോ; | (എ) | ചോദ്യം പ്രസക്തമല്ല. 2019 ൽ കാഷ്യൂബോർഡ് വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും 17414.792 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ ഔട്ട്ടേണിലോ കൗണ്ടിലോ ഗണ്യമായ വ്യതിയാനങ്ങൾ ഉണ്ടായിരുന്നില്ല. ഉണ്ടായ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ വ്യവസ്ഥ അനുസരിച്ചാണ് തോട്ടണ്ടിയുടെ അന്തിമ വില നിശ്ചയിക്കുന്നത്. ഇറക്കുമതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. |

| രാജ്യം | തൂക്കം (മെട്രിക് ടൺ) | ടെണ്ടർ പ്രകാരം | | ലഭിച്ചത് | |
|---|---|---|---|---|---|
| | | ഔട്ട്ടേൺ | നട്ട്കൗണ്ട് | ഔട്ട്ടേൺ | നട്ട്കൗണ്ട് |
| മൊസാംബിക്ക് | 3079.286 | 46 | 190 | 45.33 | 194.28 |
| ഘാന-1 | 3278.923 | 50 | 190 | 49.37 | 194.23 |
| ഘാന-2 | 3276.980 | 50 | 190 | 48.43 | 195.47 |
| ഘാന-3 | 4579.560 | 49 | 190 | 47.19 | 199.36 |
| ഗിനിയ-ബിസാവു | 3200.043 | 53 | 220 | 52.24 | 231.00 |
| | 17414.792 | | | | |

| | | | |
|---|---|---|---|
| (ബി) | ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ ലാൻഡഡ് ക്വാണ്ടിറ്റിയുടെയും ലാൻഡഡ് ക്വാളിറ്റിയുടെയും അടിസ്ഥാനത്തിലാണോ അതിന് വില നിശ്ചയിക്കുന്നത്; | (ബി) | ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ ലാൻഡഡ് ക്വാണ്ടിറ്റിയുടേയും, ക്വാളിറ്റിയുടേയും അടിസ്ഥാനത്തിലാണ് അവസാന വില നിശ്ചയിക്കുന്നത്. |
| (സി) | ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ ഔട്ട് ടേൺ കുറവായതിന്റെ | (സി) | കുറവ് വരുത്തിയിരുന്നു. ഔട്ട് ടേണിൽ ഉണ്ടായ കുറവിന്റെയടിസ്ഥാനത്തിൽ അന്തിമവിലയിൽ |

| | | | |
|---|---|---|---|
| | അടിസ്ഥാനത്തിൽ അതിന്റെ അന്തിമവിലയിൽ കുറവ് വരുത്തിയിരുന്നോ; എങ്കിൽ എത്ര തുകയാണ് കുറവ് ചെയ്തത്; വിശദാംശം നൽകാമോ? | | വരുത്തിയ കുറവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. |

| രാജ്യം | തൂക്കം (മെട്രിക് ടൺ) | ടെണ്ടർ പ്രകാരമുള്ള ഔട്ട്ടേൺ | ലഭിച്ച ഔട്ട്ടേൺ | കുറവു വരുത്തിയ തുക (ഡോളർ) |
|---|---|---|---|---|
| മൊസാംബിക്ക് | 3079.286 | 46 | 45.33 | 96,978.95 |
| ഘാന-1 | 3278.923 | 50 | 49.37 | 59,321.32 |
| ഘാന-2 | 3276.980 | 50 | 48.43 | 142,854.92 |
| ഘാന-3 | 4579.560 | 49 | 47.19 | 188,629.32 |
| ഗിനിയ-ബിസാവു | 3200.043 | 53 | 52.24 | 70,000.71 |
| | 17414.792 | | | 557,785.22 |

സെക്ഷൻ ഓഫീസർ